ജേണലിസ്റ്റ് / നോൺ-ജേണലിസ്റ്റ് ക്ഷേമ പെൻഷൻ പദ്ധതി - പെൻഷൻ ഫണ്ട് രൂപീകരണവും അംശദായ വർദ്ധനവും സംബന്ധിച്ച് വിവരപൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ പത്രമാനേജ്മെന്റ് പ്രതിനിധികളുമായി 01-08-2025ന് ഓൺലൈൻ ആയി ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

യോഗം രാവിലെ 11.00 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ആദ്യമായി യോഗത്തിൽ പങ്കെടുത്തവരെ ഐ&പിആർഡി ഡയറക്ടർ സ്വാഗതം ചെയ്തു. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിയവയാണ് സംസ്ഥാന സർക്കാർ 1993ൽ തുടങ്ങിയ ജേർണലിസ്റ്റ് പെൻഷൻ, അതുപോലെ 2000ൽ തുടങ്ങിയ നോൺ-ജേർണലിസ്റ്റ് പെൻഷൻ പദ്ധതി എന്നും; നിലവിൽ ജേർണലിസ്റ്റ് വിഭാഗത്തിൽ 1133 പേരും, നോൺ ജേർണലിസ്റ്റ് വിഭാഗത്തിൽ 2193 പേരും പെൻഷൻ വാങ്ങുന്നുണ്ടെന്നും, പദ്ധതിയിൽ അംഗങ്ങളായി 2417 ജേർണലിസ്റ്റുകളും, 3450 നോൺ ജേർണലിസ്റ്റുകളും ഉണ്ടെന്നും ആമുഖമായി വിവരപൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർ പറയുകയുണ്ടായി.

ഇരു പെൻഷൻ പദ്ധതികളും ഒരു സർക്കാർ ഉത്തരവിന്റെ പുറത്താണ് നടത്തി പോകുന്നതെന്നും; നടപ്പ് സാമ്പത്തിക വർഷം ജേർണലിസ്റ്റ് പെൻഷൻ വിതരണത്തിനായി അനുവദിച്ച ബജറ്റ് വിഹിതമായ 9.62 കോടി രൂപയ്ക്ക് പുറമെ 1.38 കോടി രൂപ കൂടി അധികം കണ്ടെത്തേണ്ടതുണ്ടെന്നും, നോൺ ജേർണലിസ്റ്റ് പെൻഷൻ വിതരണത്തിനായി അനുവദിച്ച ബജറ്റ് വിഹിതമായ 11.11 കോടി രൂപയ്ക്ക് പുറമെ 3.86 കോടി രൂപ കൂടി അധികം കണ്ടെത്തേണ്ടതുണ്ടെന്നും, ഇപ്രകാരം 26 കോടി രൂപയുടെ പദ്ധതി ചെലവാണ് ഉള്ളതെന്നും വകുപ്പ് ഡയറക്ടർ പറഞ്ഞു.

നിലവിൽ അംശാദായ വിഹിതം (ജേർണലിസ്റ്റ് - പ്രതിമാസം 500/- രൂപ, നോൺ ജേർണലിസ്റ്റ് - പ്രതിമാസം 250/- രൂപ) എന്ന നിരക്കിൽ ഒരു വർഷം 16 ലക്ഷം രൂപയും, 8.62 ലക്ഷം രൂപയുമാണ് ലഭിക്കുന്നതെന്നും; പദ്ധതിയിലെ മൊത്തം പെൻഷനർമാരായ 3326 പേരിൽ 704 പേർ, ഒരു മാധ്യമസ്ഥാപനത്തിൽ നിന്നും, മറ്റൊന്നിൽ നിന്ന് 639 പേരുമാണ് ഉള്ളത്, അതുപോലെ അംഗങ്ങളുടെ കാര്യത്തിലും 1241 പേർ ഒരു സ്ഥാപനത്തിൽ നിന്നും 1127 പേര് മറ്റൊരു സ്ഥാപനത്തിൽ നിന്നുമാണ് എന്ന് വകുപ്പ് ഡയറക്ടർ പറയുകയുണ്ടായി.

ബജറ്റ് വിഹിതം, അംഗങ്ങളിൽ നിന്നുള്ള അംശദായം, മാധ്യമസ്ഥാപനങ്ങളിൽ നിന്നുള്ള സംഭാവന എന്നിവ ഉപയോഗിച്ച് നടത്തി വരുന്ന പെൻഷൻ പദ്ധതിയാണെന്നും; എന്നാൽ ഇരു പദ്ധതികളും തുടങ്ങിയത് മുതൽ നാളിതുവരെ മാധ്യമസ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം കിട്ടിയിട്ടില്ല എന്നും, അതിനാൽ പെൻഷൻ ഫണ്ട് രൂപീകരണത്തിലും, അതിന്റെ വിപുലീകരണത്തിനും മാധ്യമസ്ഥാപനങ്ങളുടെ കാര്യമായ ഇടപെടൽ അനിവാര്യമാണെന്നത് ഒരു വസ്തുതയാണെന്നും വകുപ്പ് ഡയറക്ടർ പറഞ്ഞു.

തുടർന്ന് ചർച്ചയിൽ പങ്കെടുത്ത മാധ്യസ്ഥാപനങ്ങളിലെ മാനേജ്മെന്റ് പ്രതിനിധികളോട്, എപ്രകാരം പെൻഷൻ ഫണ്ട് വിപുലീകരിക്കുന്നതിന്റെ ഭാഗമായി അധിക ധനമാർഗ വഴികൾ കണ്ടെത്താമെന്നും, മാധ്യമസ്ഥാപനങ്ങൾക്ക് എത്രത്തോളം പദ്ധതിയിൽ നേരിട്ട് സംഭാവന നല്കാൻ സാധിക്കുമെന്നും വകുപ്പ് ഡയറക്ടർ ആരാഞ്ഞു.

ശ്രീ.ജോസ് പ്രകാശ്, ജനറൽ മാനേജർ, ജനയുഗം: നിലവിൽ അച്ചടി, ദൃശ്യമാധ്യമങ്ങൾ സർക്കാർ പരസ്യങ്ങൾക്ക് ബിൽ തുകയിന്മേൽ നൽകി വരുന്ന 15% ഇളവ് പെൻഷൻ ഫണ്ടിലേക്ക് വകയിരുത്തണമെന്നും; എല്ലാ ബജറ്റിലും പെൻഷൻ ഫണ്ടിൽ വർദ്ധനവ് ആവശ്യമാണെന്നും, 7000/- രൂപയിൽ നിന്ന് 10,000/- രൂപയിലേക്ക് നോൺ ജേർണലിസ്റ്റ് പെൻഷൻ ഉയർത്തണമെന്നും; സർക്കാർ പരസ്യങ്ങൾക്ക് നൽകുന്ന ബിൽ തുകയിന്മേൽ നൽകി വരുന്ന 15% ഇളവ്, 2% കൂടി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും പറയുകയുണ്ടായി.

ശ്രീ.സുരേഷ്, ജനറൽ മാനേജർ, മംഗളം: പെൻഷൻ ഫണ്ട് വിപുലീകരണവുമായി ബന്ധപ്പെട്ട സഹകരണങ്ങൾക്ക് പരിമിതികൾ ഉണ്ട്, അച്ചടി മാധ്യമം നിലവിൽ പ്രതിസന്ധികൾ നേരിടുന്ന ഒരു കാലഘട്ടമാണ്, ജീവനക്കാരുടെ ശമ്പളം നൽകൽ തുടങ്ങിയ കാര്യങ്ങൾ പ്രയാസം നേരിടുന്നുണ്ട് എന്ന് അഭിപ്രായപ്പെട്ടു.

ശ്രീ.ബി.വി.അരുൺകുമാർ, ബ്യൂറോ ചീഫ്, കലാകൗമുദി: നിലവിൽ സർക്കാർ പരസ്യങ്ങൾക്ക് ബിൽ തുകയിന്മേൽ നൽകി വരുന്ന 15% ഇളവ്, 2% കൂടി വർദ്ധിപ്പിക്കുന്നതിനോട് യോജിപ്പ് പ്രകടിപ്പിച്ചു.

ശ്രീ.ശ്രീദാസ്, മാനേജിങ് ഡയറക്ടർ, ജന്മഭൂമി: പരസ്യം നൽകിയ ഇനത്തിൽ കുടിശ്ശിക കിട്ടാനുണ്ടെന്നും, നിലവിൽ

സർക്കാർ പരസ്യങ്ങൾക്ക് ബിൽ തുകയിന്മേൽ നൽകി വരുന്ന 15% ഇളവ്, 2% കൂടി വർദ്ധിപ്പിക്കുന്ന വിഷയം ആലോചിച്ച് തീരുമാനം അറിയിക്കാമെന്നും പറഞ്ഞു.

ശ്രീ.കെ.പി.കരുണാകരൻ, തുറന്ന് കത്ത്: സർക്കാർ പരസ്യങ്ങൾക്ക് ബിൽ തുകയിന്മേൽ നൽകി വരുന്ന 15% ഇളവ്, 2% കൂടി വർദ്ധിപ്പിക്കുന്നതിനോട് യോജിപ്പ് പ്രകടിപ്പിച്ചു.

ശ്രീ.എൻ.അലി അബ്ദുള്ള, മാനേജിങ് എഡിറ്റർ, സിറാജ്: ഇതുവരെ പറഞ്ഞ അഭിപ്രായങ്ങളോട് യോജിക്കുന്നു; നിലവിൽ സ്ഥാപനം നേരിടുന്ന പ്രശ്നങ്ങൾ കാരണം ബുദ്ധിമുട്ടുണ്ട്; നിലവിൽ സർക്കാർ പരസ്യങ്ങൾക്ക് ബിൽ തുകയിന്മേൽ നൽകി വരുന്ന 15% ഇളവ് പെൻഷൻ ഫണ്ടിലേക്ക് വകയിരുത്തണമെന്നും അഭിപ്രായപ്പെട്ടു.

ശ്രീ.കെ.ജനാർദ്ദനൻ നായർ, ചീഫ് എഡിറ്റർ, വേണാട് പത്രിക: സർക്കാർ പരസ്യങ്ങൾക്ക് ബിൽ തുകയിന്മേൽ നൽകി വരുന്ന 15% ഇളവിൽ നിന്ന് ഒരു രൂപ പോലും പെൻഷൻ ഫണ്ടിലേക്ക് ഇതുവരെ മാറ്റി വിനിയോഗിക്കാൻ സാധിച്ചിട്ടില്ല; എന്നാൽ പെൻഷൻ ഫണ്ട് വിപുലീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ചെറുകിട പത്രസ്ഥാപനങ്ങൾ സഹകരിക്കാൻ തയ്യാറാണെന്ന് പറയുകയുണ്ടായി.

ശ്രീ.രാകേഷ്.കെ ആർ, മാനേജിങ് എഡിറ്റർ, എക്സ്പ്രസ്സ്: പ്രിന്റ് മീഡിയ പലവിധ പ്രശ്നങ്ങൾ നേരിട്ട്കൊണ്ടിരിക്കുകയാണ്, നിലനിൽപ്പിന്റെ പ്രശ്നം തന്നെയാണ്; വാർധക്യത്തിൽ ലഭിക്കുന്ന ഒരു ആശ്വാസമാണ് പെൻഷൻ എന്ന് അഭിപ്രായപ്പെട്ടു.

ശ്രീ.കോര ജോസഫ്, എച്ച് ആർ. മാനേജർ, ദീപിക: സർക്കാർ നിരക്കുകൾ വർദ്ധിപ്പിക്കണം; കുടിശ്ശിക ലഭിക്കണം. സർക്കാരിതര പരസ്യങ്ങൾക്ക് 1% സെസ്സ് ഏർപ്പെടുത്തിയാൽ ക്ലയിന്റ്സ് സഹകരിക്കില്ല എന്ന് പറയുകയുണ്ടായി.

ശ്രീ.എ.സി.റെജി, റസിഡന്റ് എഡിറ്റർ, കേരള കൗമുദി: നിലവിൽ സർക്കാർ പരസ്യങ്ങൾക്ക് ബിൽ തുകയിന്മേൽ നൽകി വരുന്ന 15% ഇളവ് ഉപയോഗപ്പെടുത്താൻ സാധിക്കുമോ; അതിൽ തന്നെ 1 തൊട്ട് 2 ശതമാനം വരെ വർദ്ധനവ് മാനേജ്മെന്റ് തലത്തിൽ ആലോചിച്ച് ചെയ്യാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടു.

ശ്രീ.പ്രവീൺ.വി.ആർ, ജനറൽ മാനേജർ, വീക്ഷണം: പ്രിന്റ് മീഡിയ പ്രതിസന്ധിയിലാണ്; GST സംബന്ധമായ പ്രശ്നങ്ങൾ, പി ആർ ഡിയിൽ നിന്നുള്ള പേയ്മെന്റ് കാലതാമസം; പെൻഷൻ ഫണ്ട് വിപുലീകരണ ആവശ്യത്തിനോട് യോജിക്കുന്നു. സർക്കാരിതര പരസ്യങ്ങൾക്ക് 1% സെസ്സ് ഏർപ്പെടുത്തുന്നത് പ്രായോഗികം ആവില്ല എന്നും പറഞ്ഞു.

ശ്രീ.ആർ. ചന്ദ്രമോഹൻ, ജനറൽ മാനേജർ, മലയാള മനോരമ: നിലവിൽ സർക്കാർ പരസ്യങ്ങൾക്ക് ബിൽ തുകയിന്മേൽ നൽകി വരുന്ന 15% ഇളവ് ഏജൻസി കമ്മിഷനായി പോകാതെ നൽകി വരുന്നുണ്ട്; 15% എന്നത് INS തീരുമാനിച്ചതാണെന്നാണ് വിശ്വാസം; പരസ്യ ഇനത്തിൽ കുടിശ്ശികയുണ്ട്; വേറെ ധനസമാഹരണ മാർഗ്ഗങ്ങൾ ആലോചിക്കണം എന്ന് പറയുകയുണ്ടായി.

ശ്രീ.ജി.ആനന്ദ്, സീനിയർ ജനറൽ മാനേജർ, മാതൃഭൂമി: പെൻഷൻ ഫണ്ട് വിപുലീകരണ മാർഗങ്ങൾ സംബന്ധിച്ച് ചർച്ച ആവശ്യമാണ്; പ്രത്യേകിച്ച് ഐ എൻ എസുമായി.

ശ്രീ.പി.ശ്യാം സുന്ദർ, എച് ആർ മാനേജർ, ദേശാഭിമാനി: സംസ്ഥാന സർക്കാർ എടുക്കുന്ന നിലപാട് ഏതായാലും സ്വീകാര്യമാണ്.

ശ്രീ.കമാൽ വരദൂർ, എഡിറ്റർ, ചന്ദ്രിക: ബീഹാർ, തമിഴ്നാട് സംസ്ഥാനങ്ങൾ മാധ്യമസ്ഥാപനങ്ങളുടെ സംഭാവന ഇല്ലാതെയാണ് പെൻഷൻ പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതെന്നും; പെൻഷൻ വർദ്ധനവ് വേണം; പ്രിന്റ് മീഡിയ നേരിടുന്ന പ്രശ്നങ്ങൾ നോക്കുമ്പോൾ വിഹിതം കൂടുതൽ പ്രയാസകരമായിരിക്കും; പരസ്യ കുടിശ്ശിക ഉണ്ടെന്നും അഭിപ്രായപ്പെട്ടു.

ശ്രീ.എസ്.ആനന്ദൻ, റെസിഡന്റ് എഡിറ്റർ, ദ ഹിന്ദു: പരസ്യ ബില്ലുകൾക്കുമേൽ നിലവിലുള്ള 15% ഇളവ് വർദ്ധിപ്പിക്കുന്ന വിഷയം, ദേശീയ പത്രം എന്ന നിലയിൽ ഹെഡ് ഓഫീസുമായി ചർച്ച ചെയ്യേണ്ടതുണ്ട് എന്ന് പറഞ്ഞു.

ശ്രീ.അൻസീർ, ബ്യൂറോ ചീഫ്, ജനശബ്ദം: നിലവിലുള്ള പരസ്യ ബില്ലുകൾക്കുമേൽ ഉള്ള ഇളവ് രണ്ട് ശതമാനം കൂടി ഉയർത്തുന്നതിനോട് യോജിപ്പ് പ്രകടിപ്പിച്ചു. ഇതോടൊപ്പം പെൻഷൻ തുകയിലും ന്യായമായ വർദ്ധനവ് വേണമെന്ന്

അഭിപ്രായപ്പെട്ടു.

<u>ശ്രീ.വി.ദിലീപ് കുമാർ, എക്സ്ക്യൂട്ടിവ് എഡിറ്റർ, 24 ന്യൂസ്:</u> വിഷയം മാനേജ്മെൻറുമായി ചർച്ച ചെയ്ത് തീരുമാനം അറിയിക്കുന്നതാണെന്ന് പറഞ്ഞു.

<u>ശ്രീ.ആന്റോ അഗസ്റ്റിൻ, മാനേജിങ് ഡയറക്ടർ, റിപ്പോർട്ടർ ടി വി:</u> വിഷയം മാനേജ്മെൻറുമായി ചർച്ച ചെയ്ത് തീരുമാനം അറിയിക്കുന്നതാണെന്ന് പറഞ്ഞു.

<u>ശ്രീ.പി.ബി.എം.ഫർമീസ്, ജനറൽ മാനേജർ, മീഡിയ വൺ:</u> വേറെ സംഭാവന നീക്കിവയ്ക്കാൻ പ്രയാസമാണ്. സർക്കാർ തന്നെ മുൻകൈ എടുക്കണം. ഇത് ഒഴിച്ച് ചർച്ചയിൽ പറഞ്ഞ മറ്റ് അഭിപ്രായങ്ങളോട് യോജിക്കുന്നു എന്ന് പറയുകയുണ്ടായി.

യോഗം അവസാനിക്കുന്നതിന് മുൻപായി നിലവിൽ നോൺ ജേർണലിസ്റ്റ് പെൻഷൻ നൽകിവരുന്ന ഏക സംസ്ഥാനം കേരളമാണെന്നും, നിലവിലെ കണക്കുകൾ പ്രകാരം ഈ വിഭാഗത്തിലെ പെൻഷൻക്കാരുടെയും, അംഗങ്ങളുടെയും എണ്ണം ജേർണലിസ്റ്റ് വിഭാഗത്തെക്കാൾ ഏറെ കൂടുതലാണെന്നും, ഇത് പെൻഷൻ വിതരണത്തിന് അധികധനം കണ്ടെത്തേണ്ട സ്ഥിതി വരുത്തിയിരിക്കുകയാണെന്നും വകുപ്പ് ഡയറക്ടർ പറഞ്ഞു. അച്ചടി, ദൃശ്യ മാധ്യമങ്ങൾ സർക്കാർ പരസ്യങ്ങൾക്കുമേൽ നൽകി വരുന്ന 15% കിഴിവിലൂടെ ശരാശരി ഒരു വർഷം 3 മുതൽ 5 കോടി രൂപ ലഭിക്കുന്നുണ്ടെങ്കിലും, ഒരു വർഷത്തെ മൊത്തം പെൻഷൻ വിതരണ ചെലവായ 26 കോടി രൂപയിൽ 21 കോടി രൂപയും സർക്കാർ തന്നെയാണ് കണ്ടെത്തേണ്ടത് എന്നും വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

യോഗത്തിൽ പങ്കെടുത്തവർക്ക് വകുപ്പ് ഡയറക്ടർ നന്ദി പറഞ്ഞു.

യോഗം ഉച്ചയ്ക്ക് 12.30ന് അവസാനിച്ചു.

<u>ഓൺലൈൻ യോഗത്തിൽ പങ്കെടുത്തവർ</u>

1. ശ്രീ.സന്തോഷ്.കെ.ജി, അഡീഷണൽ ഡയറക്ടർ (ജി&എ), ഐ&പിആർഡി.
2. ശ്രീ.ജയകുമാർ. എസ്, ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ), ഐ&പിആർഡി.
3. ശ്രീ.ജോസ് പ്രകാശ്, ജനറൽ മാനേജർ, ജനയുഗം.
4. ശ്രീ. സുരേഷ്, ജനറൽ മാനേജർ, മംഗളം.
5. ശ്രീ.ബി.വി.അരുൺകുമാർ, ബ്യൂറോ ചീഫ്, കലാകൗമുദി.
6. ശ്രീ.ശ്രീദാസ്, മാനേജിങ് ഡയറക്ടർ, ജന്മഭൂമി.
7. ശ്രീ.കെ.പി.കരുണാകരൻ, തുറന്ന കത്ത്.
8. ശ്രീ.എൻ.അലി അബ്ദുള്ള, മാനേജിങ് എഡിറ്റർ, സിറാജ്.
9. ശ്രീ.കെ.ജനാർദ്ദനൻ നായർ, ചീഫ് എഡിറ്റർ, വേണാട് പത്രിക.
10. ശ്രീ.രാകേഷ്.കെ.ആർ, മാനേജിങ് എഡിറ്റർ, എക്സ്പ്രസ്സ്.
11. ശ്രീ.കോര ജോസഫ്, എച്ച്. ആർ. മാനേജർ, ദീപിക.
12. ശ്രീ.എ.സി റെജി, റസിഡന്റ് എഡിറ്റർ, കേരള കൗമുദി.
13. ശ്രീ.പ്രവീൺ.വി.ആർ, ജനറൽ മാനേജർ, വീക്ഷണം.
14. ശ്രീ.ആർ.ചന്ദ്രമോഹൻ, ജനറൽ മാനേജർ, മലയാള മനോരമ.
15. ശ്രീ.ജി.ആനന്ദ്, സീനിയർ ജനറൽ മാനേജർ, മാതൃഭൂമി.
16. ശ്രീ.പി.ശ്യാം സുന്ദർ, എച്ച് ആർ മാനേജർ, ദേശാഭിമാനി.
17. ശ്രീ.കമാൽ വരദൂർ, എഡിറ്റർ, ചന്ദ്രിക.
18. ശ്രീ.എസ്.ആനന്ദൻ, റെസിഡന്റ് എഡിറ്റർ, ദ ഹിന്ദു.
19. ശ്രീ.അൻസീർ, ബ്യൂറോ ചീഫ്, ജനശബ്ദം.
20. ശ്രീ.വി.ദിലീപ് കുമാർ, എക്സ്ക്യൂട്ടിവ് എഡിറ്റർ, 24 ന്യൂസ്.

21. ശ്രീ.ആന്റോ അഗസ്റ്റിൻ, മാനേജിങ് ഡയറക്ടർ, റിപ്പോർട്ടർ ടി വി.

22. ശ്രീ.പി.ബി.എം.ഫർമീസ്, ജനറൽ മാനേജർ, മീഡിയ വൺ.

സുഭാഷ് ടി വി ഐ.എ.എസ്

ഡയറക്ടർ